## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1976** 04- 11-2019-ൽ മറുപടിക്ക്.

### വെള്ളൂർ പ്രദേശത്ത് പുതിയ അക്ഷയ കേന്ദ്രം

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ പ്രദേശത്ത് അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് സമർപ്പിച്ചിരുന്ന നമ്പർ- AKS 1536/2018 പ്രകാരമുള്ള അപേക്ഷയിലെ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) | പയ്യന്നൂർ നഗരസഭാപരിധിയിൽ വെള്ളൂർ പ്രദേശത്ത് നിലവിൽ അക്ഷയകേന്ദ്രം പ്രവർത്തിച്ചു വരുന്നതിനാൽ വെള്ളൂർ - മെട്ടമ്മൽ എന്ന ലൊക്കേഷൻ പരിഗണിക്കുന്നതിലേക്കായുള്ള നടപടികൾ ആരംഭിക്കുകയും പുതിയ ലൊക്കേഷന് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനും അക്ഷയ ജില്ലാ ഓഫീസിൽ നിന്നും ആവശ്യമായ റിപ്പോർട്ടുകൾ സഹിതം അക്ഷയ സ്റ്റേറ്റ് ഓഫീസ് മുഖേന സർക്കാർ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (ബി) | അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം, ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം എന്നിവ ആവശ്യമായിരുന്നതും ഒരു മുനിസിപ്പാലിറ്റിയിൽ അനുവദിക്കുന്ന പരമാവധി കേന്ദ്രങ്ങളുടെ എണ്ണം 6 ആയി നിജപ്പെടുത്തിയിരുന്നതും രണ്ട് കേന്ദ്രങ്ങൾ തമ്മിൽ |

| | | | |
|---|---|---|---|
| | | | 2 കി.മീ അകലം പാലിച്ചിരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മേൽ വ്യവസ്ഥകൾ പ്രകാരമുള്ള ആധികാരിക രേഖകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസമാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് വൈകുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ